(Pages : 4) **N – 7507**

Reg. No. : ..............................

Name : ..................................

**Fourth Semester B.A./B.Sc. Degree Examination, August 2022**

**First Degree Programme under CBCSS**

**Language Course - Additional Language - Malayalam**

**ML 1411.1 : ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം**

**(2019 Admission Onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ബൈബിൾ പ്രമേയമായി എം.ടി. വാസുദേവൻ നായർ എഴുതിയ കഥ.

2. കമ്പ്യൂട്ടറിൽ മലയാളഭാഷ ഉപയോഗിച്ചു തുടങ്ങുന്നത് ഏത് മേഖലയിൽ?

3. ISCII (ഇസ്കി) യുടെ പൂർണ്ണരൂപം.

4. പദാനുപദവിവർത്തനം എന്നാലെന്ത്?

5. കഥാബീജത്തെ എം.ടി. വാസുദേവൻ നായർ നിർവ്വചിക്കുന്നതെങ്ങനെ?

6. ശരിയായ പദം ഏത്?
   അകത്തളിര് - അകതളിര്

7. തെറ്റ് തിരുത്തുക.
   ഭർത്താവ് മരിച്ച വിധവയായ സ്ത്രീ കുട്ടികളെ പരിപാലിക്കാൻ ബുദ്ധിമുട്ടി.

8. വാക്യശുദ്ധി വരുത്തുക.
   സമരത്തിൽ നേതാവ് പങ്കെടുത്തു.

P.T.O.

9. പ്രതിഭയെ സഹജ, ഉൽപാദ്യ എന്നിങ്ങനെ തരംതിരിച്ച വൈയാകരണൻ ആര് ?

10. കേരളത്തിലെ ആദ്യ അച്ചടിശാല സ്ഥാപിച്ചത് ആര് ?

(10 × 1 = 10 Marks

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'സ്വതന്ത്രമലയാളം' എന്നാലെന്ത്?

12. എന്തിന് എഴുതുന്നു എന്ന ചോദ്യത്തിന് എം.ടി. വാസുദേവൻ നായർ നല്കുന്ന മറുപടി എന്ത്?

13. ഗ്രാമീണ ഗ്രന്ഥശാലകളിൽ മലയാളം കമ്പ്യൂട്ടിങ്ങിന്റെ സാധ്യത വിലയിരുത്തുക.

14. സർഗ്ഗാത്മകതയുടെ ഉറവിടമായി കാവ്യമീമാംസകർ കണ്ടെത്തുന്നത് എന്തിനെ?

15. ഇ-പേപ്പർ അഥവാ ഇ-പത്രം എന്നാലെന്ത്?

16. കഥയേക്കാൾ നോവൽ എളുപ്പമാണെന്ന് എം.ടി. വാസുദേവൻ നായർ വ്യക്തമാക്കുന്നതെങ്ങനെ?

17. വിക്കിപ്പീഡിയ - കുറിപ്പെഴുതുക.

18. മൂന്നിലൊന്നായി സംഗ്രഹിക്കുക.

ദ്രാവിഡഭാഷയിലെ ആദ്യ ചരിത്രാഖ്യായികയും തിരുവിതാംകൂറിൽ നിന്നുള്ള ആദ്യ നോവലും കൂടിയാണ് മാർത്താണ്ഡവർമ്മ. പുല്ലിംഗസ്വഭാവത്തോടുകൂടിയ തലക്കെട്ടിൽ പുറത്തിറങ്ങുന്ന ആദ്യ നോവലും മാർത്താണ്ഡവർമ്മയാണ്. ഇന്ദുലേഖയ്ക്ക് മുൻപ് തന്നെ മാർത്താണ്ഡവർമ്മ പൂർത്തീകരിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം 1891 വരെ പ്രസിദ്ധീകരണം സാധ്യമായില്ല.

19. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

"And it was at that age,

Poetry arrived

in search of me. I don't know,

I don't know where

it came from, from winter or

a river

I don't know how or when"

0. ആശയം വ്യക്തമാക്കുക.

''ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമ-
മതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും
പാർവണശശിബിംബം''

rks)

21. മലയാളത്തിലെ ഏതെങ്കിലും രണ്ട് ഓൺലൈൻ മാഗസിനുകളെക്കുറിച്ച് പ്രതിപാദിക്കുക.

22. ''ഓർക്കുട്ട്'' - കുറിപ്പെഴുതുക.

23. വിക്കിഗ്രന്ഥശാല - കുറിപ്പെഴുതുക.

24. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

''ജീവിച്ചിരിക്കുന്നവരോ
മരിച്ചവരോയെന്ന്
തിരിച്ചറിയാതെ പോകും
ചില നിമിഷങ്ങൾ
ആയതിനാൽ
മരിച്ച്വരുടെ
ഫോൺ നമ്പറുകൾ
ഡിലീറ്റ് ചെയ്യാറില്ല ഞാൻ''

25. സൈബർ സാഹിത്യത്തിന്റെ പരിമിതികൾ എന്തെല്ലാം?

26. ഫേസ്ബുക്ക് - കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. സർഗ്ഗാത്മകതയെ സഹായിക്കുന്ന ഘടകങ്ങൾ എന്തെല്ലാം? വിശദമാക്കുക.

28. കേരളത്തിലെ അച്ചടിയുടെ ചരിത്രം സംഗ്രഹിക്കുക.

29. മാധ്യമരംഗത്ത് റേഡിയോയുടെ പ്രസക്തി വിലയിരുത്തുക.

30. സമൂഹമാധ്യമങ്ങളിലെ മുഖ്യഘടകമാണ് ചലച്ചിത്രം - വിലയിരുത്തുക.

31. ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ആധാരശില എൻകോഡിങ്ങ് വ്യവസ്ഥയാണ് എന്നു പറയുന്നതിന്റെ കാരണം വിശദമാക്കുക.

32. ചെറുകഥാ രചനയെക്കുറിച്ച് എം.ടി. വാസുദേവൻ നായർ പങ്കുവയ്ക്കുന്ന ആശയങ്ങൾ എന്തൊക്കെ?

33. കാവ്യപ്രചോദനത്തെക്കുറിച്ചുള്ള ഭാരതീയ സങ്കല്പം വിവരിക്കുക.

34. ഇ-മാധ്യമങ്ങളുടെ ഗുണദോഷങ്ങളെ ക്രോഡീകരിക്കുക.

35. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

"Speaking without notes, his tone a mixture of frankness and fervour, he urged his listeners to sign the Act of Accession which would join their states to either India or Pakistan. A resort to arms, he stressed, would produce only bloodshed and disaster. "Look forward ten years" he begged them, 'consider what the situation in India and the world' will be then, and have the foresight to act accordingly".

36. രാജലക്ഷ്മിയുടെ ആത്മഹത്യയെക്കുറിച്ചും അവരുടെ ഏകാന്തതയെക്കുറിച്ചും എം.ടി. വിലയിരുത്തുന്നതെങ്ങനെ?

37. ബ്ലോഗ് എന്നാലെന്ത്? മലയാളഭാഷയിലുള്ള ബ്ലോഗുകളെ പരിചയപ്പെടുത്തുക.

38. "Don't judge a book by its cover" മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് ആശയം വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. സമകാലീന ജീവിതത്തിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വ്യക്തമാക്കുക.

40. എം.ടി. വാസുദേവൻ നായർ എന്ന എഴുത്തുകാരന്റെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്ന കൃതിയാണ് "കാഥികന്റെ പണിപ്പുര" - വിശദമാക്കുക.

41. ഗദ്യം, പദ്യം, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിവയിലെല്ലാം വിവർത്തനത്തിന്റെ വ്യത്യസ്ത രീതികൾ നിലനില്ക്കുന്നു - വിശദമാക്കുക.

42. മലയാളത്തിൽ സംവദിക്കാനായാൽ മാത്രമേ സമൂഹത്തിന്റെ എല്ലാ തട്ടിലുള്ളവർക്കും ഇന്റർനെറ്റിന്റെ നേട്ടം ലഭ്യമാകുകയുള്ളൂ എന്ന ലേഖനത്തിന്റെ അഭിപ്രായത്തെ സാധൂകരിക്കുക.

43. 'ലിംഗനീതി സമൂഹത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.

44. മുഖ്യധാരാസാഹിത്യവും സൈബർ സാഹിത്യവും പരസ്പരപൂരകങ്ങളാണ് - സമർത്ഥിക്കുക.

**(2 × 15 = 30 Marks)**